…ERNMENT OF KERALA

©
Government of Kerala
കേരള സർക്കാർ
2009

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസറ്റ്

## EXTRAORDINARY
## അസാധാരണം

**PUBLISHED BY AUTHORITY**
**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**

| | | | | |
|---|---|---|---|---|
| Vol. LIV<br>വാല്യം 54 | Thiruvananthapuram, Monday<br>തിരുവനന്തപുരം, തിങ്കൾ | 14th September 2009<br>2009 സെപ്റ്റംബർ 14<br>23rd Bhadra 1931<br>1931 ഭാദ്രം 23 | No.<br>നമ്പർ | 1679 |

## കേരള സർക്കാർ

**പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ്**

**വിജ്ഞാപനം**

*നമ്പർ 28101/എസ്.ഡി.1/08/പൊ.ഭ.വ.* *തിരുവനന്തപുരം, 2009 ആഗസ്റ്റ് 26.*

2002-04, 2005 വർഷങ്ങളിലെ സർക്കാർ സർവ്വീസിലുള്ള സ്പോർട്ട്സ് നിയമനത്തിനായി 6-12-2005-ലെ 28620/എസ്.ഡി.1/05/പൊ.ഭ.വ., 4-2-2006-ലെ 82102/എസ്.ഡി.1/05/പൊ.ഭ.വ. എന്നീ വിജ്ഞാപനങ്ങൾ പ്രകാരം 80 ഒഴിവുകളിലേക്ക് സ്പോർട്ട്സ്/ഗെയിംസ് ഇനങ്ങളിൽ നേട്ടം കൈവരിച്ചിട്ടുള്ള പുരുഷ/വനിതാ കായിക താരങ്ങളിൽ നിന്നും അപേക്ഷ ക്ഷണിച്ചിരുന്നു. 2002-04 വർഷത്തിലെ മൊത്തം 60 ഒഴിവുകളിൽ കളരിപ്പയറ്റ്, ടെന്നീസ് ഇനങ്ങൾക്ക് ഓരോ ഒഴിവുകളും 2005-ലെ 20 ഒഴിവുകളിൽ കളരിപ്പയറ്റ് ഇനത്തിന് ഒരു ഒഴിവും വേർതിരിച്ചിരുന്നു. എന്നാൽ മേൽപ്പറഞ്ഞ വിജ്ഞാപനങ്ങൾ പ്രകാരം ആവശ്യമായ യോഗ്യത നേടിയ അപേക്ഷകരില്ലാതിരുന്നതിനാൽ ഈ മൂന്ന് ഒഴിവുകൾ നികത്താൻ കഴിഞ്ഞിരുന്നില്ല. ആയതിനാൽ 2002-04, 2005 വർഷങ്ങളിലെ കളരിപ്പയറ്റ്, ടെന്നീസ് ഇനങ്ങൾക്ക് വേണ്ടി മിനിമം യോഗ്യത നിർദ്ദേശിച്ചുകൊണ്ട് പ്രത്യേകം വിജ്ഞാപനം പുറപ്പെടുവിക്കാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി.

33/3108/2009/DTP.

ഈ സാഹചര്യത്തിൽ, കളരിപ്പയറ്റ്, ടെന്നീസ് ഇനങ്ങളിൽ താഴെപ്പറയും പ്രകാരമുള്ള നേട്ടം കൈവരിച്ചിട്ടുള്ള പുരുഷ/വനിതാ കായികതാരങ്ങളിൽ നിന്നും 2002-04, 2005 വർഷങ്ങളിലേക്കുള്ള സർക്കാർ-സർവ്വീസ് നിയമനത്തിനുവേണ്ടി അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു.

(i) കളരിപ്പയറ്റിനും ടെന്നീസിനും കുറഞ്ഞ യോഗ്യത സീനിയർ സംസ്ഥാന ചാമ്പ്യൻഷിപ്പിലുള്ള മൂന്നാംസ്ഥാനം ആയിരിക്കുന്നതാണ്.

(ii) മേൽപ്പറഞ്ഞ ഇനങ്ങളിലുള്ള ഒഴിവുകൾ പുരുഷന്നും സ്ത്രീക്കുമായി വേർതിരിച്ചിട്ടില്ല. 8-12-2005-ലെ 28620/എസ്.ഡി.1/05/പൊ.ഭ.വ., 4-2-2006-ലെ 82102/എസ്.ഡി.1/05/പൊ.ഭ.വ. എന്നീ നമ്പർ വിജ്ഞാപനങ്ങളിൽ വിശദീകരിച്ചിരിക്കുന്ന പ്രകാരം നിയമനം സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്കും നടപടിക്രമങ്ങൾക്കും മാറ്റമുണ്ടായിരിക്കുന്നതല്ല. കേരള ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ ഓഫീസിൽ അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 30-10-2009 വൈകുന്നേരം 4 മണി. അവസാന തീയതിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. പി. പ്രഭാകരൻ,
അഡീഷണൽ ചീഫ് സെക്രട്ടറി.

# GOVERNMENT OF KERALA

## General Administration (Services-D) Department

## NOTIFICATION

No. 28101/SD1/08/GAD. *Dated, Thiruvananthapuram, 26th August, 2009.*

As per the Notification No. 28620/SD1/05/GAD dated 8-12-2005 and Notification No. 82102/SD1/05/GAD dated 4-2-2006, applications were invited from eligible candidates for appointment under the scheme of appointment outstanding sportsmen/women in Public Service in the 80 vacancies due for the period 2002-04 and 2005. Out of total 60 vacancies for the year 2002-04, one vacancy each for discipline Kalaripayattu and Tennis have been reserved. Among 20 vacancies for the year 2005, one vacancy for discipline Kalaripayattu has also been apportioned. As there were no applicants having required achievements as per the above notifications, these three vacancies could not be

filled up. Therefore Government have decided to publish separate notification prescribing the minimum qualification for the discipline Kalaripayattu and Tennis for the year 2002-04 and 2005.

In the circumstances, applications are invited from sportsmen/women who have made the following achievements in Kalaripayattu and Tennis disciplines during the calendar year 2002-04 and 2005 for due appointments in the Government Service under the scheme for the appointment of outstanding sportsmen/women in public service.

(i) The minimum qualification shall be third place in Senior State Championship in Kalaripayattu and Tennis.

(ii) The vacancies in the above discipline is not apportioned for men and women.

Other conditions and procedure of the appointments which are specified in the Notification No. 28620/SD1/05/GAD dated 8-12-2005 and 82102/SD1/05/GAD dated 4-2-2006 will apply in this case without any change. The last date for receipt of the applications in the office of the Additional Chief Secretary (Services-D) Department, Government Secretariat, Thiruvananthapuram is 30-10-2009 at 4 p.m. Belated applications will not be considered.

By order of the Governor,

Dr. P. Prabakaran,
*Additional Chief Secretary.*